പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3101 **29-10-2026-ൽ മറുപടിയ്ക്ക്**

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതും പുനരധിവാസം ഉറപ്പാക്കുന്നതും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി നഗരസഭ 16-ാം വാർഡിൽ വെൺപാല പൊതുശ്മശാനത്തിന് സമീപം പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന 13 കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി തഹസിൽദാർ ഓഫീസ് മുഖേനയുള്ള അപേക്ഷകൾ ജില്ലാ കളക്ടറുടെ പക്കൽ ലഭ്യമായിട്ടുണ്ടോ, എങ്കിൽ പ്രസ്തുത അപേക്ഷകളിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: 23/06/26 തീയതിയിൽ കോട്ടയം കളക്ടറുടെ കാര്യാലയത്തിൽ നിന്നും ചങ്ങനാശ്ശേരി നഗരസഭ 16-ാം വാർഡിൽ വെൺപാല പൊതുശ്മശാനത്തിന് സമീപം പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന 13 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ചങ്ങനാശ്ശേരി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതു പ്രകാരം, തഹസിൽദാർ ചങ്ങനാശ്ശേരി വില്ലേജിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതിനാൽ പതിച്ചു നൽകേണ്ട ഭൂമി സംബന്ധിച്ച് ഗ്രൂപ്പ് സ്കെച്ചും വ്യക്തിഗത സ്കെച്ചും തയ്യാറാക്കി ലഭ്യമാക്കുന്നതിനായി താലൂക്ക് സർവ്വേ വിഭാഗത്തിനും ചങ്ങനാശ്ശേരി വില്ലേജ് ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ഭൂമി പതിവ് കമ്മിറ്റി നിലവിൽ വരുന്ന മുറക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നതുമാണ്.

(ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട് പഞ്ചായത്തിൽ എം.സി. റോഡ് പുറമ്പോക്കിൽ പതിറ്റാണ്ടുകളായി വസിച്ചുവരുന്ന നിർദ്ധന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, പ്രസ്തുത ഭൂമി പ്രത്യേക ആവശ്യത്തിനായി ഏറ്റെടുത്തതാണെന്നും കേരള ഭൂപതിവ് ചട്ടം സെക്ഷൻ 11 - (2) (IX) പ്രകാരവും പി.ഡബ്ല്യു.ഡി. സർക്കുലർ പ്രകാരവും റോഡ് വികസനത്തിന് തടസ്സമാകുമെന്ന കാരണത്താൽ പട്ടയം നൽകാൻ തടസ്സമുണ്ടെന്നും ചൂണ്ടിക്കാട്ടി തഹസിൽദാർക്കും എക്സിക്യൂട്ടീവ് എൻജിനീയർക്കും റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, ഈ നിയമതടസ്സങ്ങൾ പരിഹരിച്ച് ടി കുടുംബങ്ങളുടെ കൈവശാവകാശം ക്രമവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി താലൂക്കിലെ ചങ്ങനാശ്ശേരി വില്ലേജ് ബ്ലോക്ക് നമ്പർ 8 ൽ സർവ്വേ നമ്പർ 107 മുതൽ 115 വരെയും 205 വരെയും ഉള്ള സർക്കാർ പി.ഡബ്ല്യു.ഡി റോഡ് (എ.സി റോഡ്) പുറമ്പോക്കിൽ പെട്ട കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകുന്നതിന് 01.03.2006 ൽ ഉത്തരവായിട്ടുള്ളതാണ്.

റോഡ് വികസനത്തിനായി പൊന്നും വിലയ്ക്കെടുത്തിട്ടുള്ള ഭൂമി സൗജന്യമായി പതിച്ചു നൽകണമെങ്കിൽ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ റൂൾ 11(2) (IX) ഭേദഗതി വരുത്തേണ്ടതുണ്ട് എന്ന്

ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് വരുന്നു.

(സി) കടുത്ത പ്രകൃതിക്ഷോഭ ഭീഷണി നേരിടുന്ന പൂവംകര പ്രദേശത്തെ കുടുംബങ്ങൾക്ക് വീടുകൾ ഉയർത്തി നിർമ്മിക്കുന്നതിനോ സുരക്ഷിത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനോ ഉള്ള സാമ്പത്തിക സഹായങ്ങളും മറ്റ് സർക്കാർ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ എന്തെങ്കിലും പ്രത്യേക അടിയന്തര പദ്ധതികൾ നിലവിലുണ്ടോ;

<u>മറുപടി:</u> കടുത്ത പ്രകൃതിക്ഷോഭങ്ങൾ മൂലം വീടും സ്ഥലവും നഷ്ട്പ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനും വീടും സ്ഥലവും ഒരുമിച്ച വാങ്ങുന്നതിനും കൂടാതെ പരിശോധനയിലൂടെ വാസയോഗ്യമല്ല എന്ന് കണ്ടെത്തുന്ന വീടുകൾക്കും Vulnerability linked relocation എന്ന സ്കീമിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ സഹായമായി നൽകി വന്നിരുന്നു. 06.08.2026 തീയതിയിലെ സ.ഉ. (കൈ) നം. 16/2026/DMD പ്രകാരം നിലവിലുണ്ടായിരുന്ന ധനസഹായം 10 ലക്ഷം രൂപയിൽ നിന്ന് പരമാവധി 12 ലക്ഷം രൂപയായി വർധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) ദീർഘകാലമായി ഈ പ്രദേശങ്ങളിൽ സ്ഥിരതാമസമാക്കിയിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ സർക്കാരിൽ നിന്നോ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കാത്തതായി പറയപ്പെടുന്ന ജനവിഭാഗങ്ങൾ ടി ഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെടുമോ എന്ന ഭീതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> നിലവിൽ ഒഴിപ്പിക്കൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

(ഇ) ഫാത്തിമപുരത്തെയും വെൺപാലയിലെയും പൂവംകരയിലെയും പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിക്കുന്ന കുടുംബങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പാക്കാനും പട്ടയം അനുവദിക്കുന്നതിൽ നിലവിലുള്ള സാങ്കേതിക തടസ്സങ്ങളും സർവ്വേ നടപടികളിലെ താമസവും പരിഹരിച്ച് അടിയന്തരമായി ഭൂമി കൈവശാവകാശം ക്രമവൽക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

<u>മറുപടി:</u> ഭൂമി പതിവ് സംബന്ധിച്ച നടപടിക്രമങ്ങൾ ഭൂമി പതിവുകമ്മിറ്റി നിലവിൽ വരുന്ന മുറക്ക് പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ